# പതിനാലാം കേരള നിയമസഭ
## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1317** **10.08.2017-ൽ മറുപടിയ്ക്ക്**

**<u>രാസവസ്തുക്കൾ കലർത്തിയ മത്സ്യം വിൽപ്പന</u>**

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | മറുപടി<br>ശ്രീമതി.ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരളത്തിലെ മാർക്കറ്റുകളിലും ചില്ലറ വില്പന സ്ഥലങ്ങളിലും ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന രാസവസ്തുക്കൾ കലർത്തിയ മത്സ്യം വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ചില രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ട്രോളിങ് നിരോധന കാലയളവിൽ ഇത്തരത്തിലുള്ള മത്സ്യം വിൽപന നടത്തിയതു സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | ബി) പരാതികൾ ലഭ്യമായിട്ടില്ല. എന്നിരുന്നാലും കേരളത്തിലെ മത്സ്യമാർക്കറ്റുകളിലും ചില്ലറ വില്പന കേന്ദ്രങ്ങളിലും ഇത്തരത്തിൽ രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യവിപണനം തടയുന്നത് ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും സംയുക്തമായി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിക്കുകയും പ്രസ്തുത സ്ക്വാഡുകളുടെ സഹായത്താൽ പരിശോധന നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ആഫീസർ**